നം.ക്യു.ഐ.പി(2)/36/2019/ഡിപിഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 10/01/2019

## സർക്കുലർ

വിഷയം:- വാർഷിക പദ്ധതി 2018-19 - 'ശാസ്ത്രായനം' പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച്.

ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ശാസ്ത്ര അഭിരുചി പരിപോഷിപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് ഈ അദ്ധ്യയന വർഷം മുതൽ ശാസ്ത്രായനം എന്ന ഒരു പദ്ധതി നടപ്പിലാക്കുന്നു.

**ലക്ഷ്യങ്ങൾ**

- ശാസ്ത്രപഠന തൽപരരായ വിദ്യാർത്ഥികൾക്ക് സവിശേഷമായ അവസരങ്ങളും അനുഭവങ്ങളും ലഭ്യമാക്കുക.
- ശാസ്ത്ര പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ അവരെ പ്രാപ്തരാക്കുക, പ്രോജക്ട് അവതരിപ്പിക്കാനും പൊതുസമൂഹത്തിന് മുന്നിൽ അംഗീകാരം നേടുന്നതിനുമുള്ള അവസരം ലഭ്യമാക്കുക.
- മികച്ച പ്രോജക്ടുകൾ അവതരിപ്പിക്കുന്ന കുട്ടികൾക്ക് ദേശീയ-അന്തർ ദേശീയ നിലവാരമുള്ള ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കുവാനും ശാസ്ത്രജ്ഞരുമായി സംവദിക്കുവാനുമുള്ള അവസരങ്ങൾ ലഭ്യമാക്കുക.

**പ്രധാന പ്രവർത്തനങ്ങൾ**

- ഓൺലൈൻ ക്ലാസുകൾ
- ശാസ്ത്ര സ്ഥാപനങ്ങൾ സന്ദർശിക്കൽ.
- ശാസ്ത്ര ക്യാമ്പുകൾ.
- നവീന ശാസ്ത്ര പ്രോജക്ടുകൾ ഏറ്റെടുക്കൽ.
- ശാസ്ത്ര ലേഖനങ്ങൾ തയ്യാറാക്കൽ.
- ശാസ്ത്ര രംഗത്തെ വിദഗ്ദ്ധരുമായി ചർച്ചകൾ, അഭിമുഖങ്ങൾ.

**തെരഞ്ഞെടുപ്പ്**

- പ്രവർത്തനങ്ങൾക്ക് തുടർച്ച വേണ്ടതുള്ളതിനാൽ 8-ാം ക്ലാസ്സിലെ വിദ്യാർത്ഥികളിൽ നിന്നുമാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.
- ഇവർ 9, 10 ക്ലാസുകളിൽ എത്തുമ്പോഴും പദ്ധതിയുടെ ഭാഗമായിരിക്കും.

…, …, ജീവശാസ്ത്രം, പരിസ്ഥിതിശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട് 8-ാം ക്ലാസ് വിദ്യാർത്ഥികൾ സമർപ്പിക്കുന്ന നവീനമായ പ്രോജക്ടുകൾ (innovative project) വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതി പരിശോധിച്ച് ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും യോഗ്യതയ്ക്കനുസരിച്ച് പരമാവധി 4 കുട്ടികളെ തെരഞ്ഞെടുക്കാവുന്നതാണ്.

- ആദ്യഘട്ട തെരഞ്ഞെടുപ്പിനായി കുട്ടികൾ തയ്യാറാക്കിയ ശാസ്ത്ര പ്രോജക്ടുകളുടെ റിപ്പോർട്ടുകൾ 2019 ജനുവരി 25-ന് അകം പ്രധാനാദ്ധ്യാപകന്റെ സാക്ഷ്യപത്രം സഹിതം ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കേണ്ടതാണ്

- ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രോജക്ട് റിപ്പോർട്ടുകൾ ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ച് മികച്ചവ തെരെഞ്ഞെടുക്കേണ്ടതും (പരമാവധി 4 എണ്ണം) 2019 ജനുവരി 31-ന് മുൻപ് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രോജക്ട് സംബന്ധമായ സംക്ഷിപ്ത കുറിപ്പ് സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

  email-dpiqipkerala@gmail.com

ജിമ്മി കെ. ജോസ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
4) എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ മുഖാന്തിരം)
5) എല്ലാ ജില്ലാ -ഉപജില്ലാ സയൻസ് ക്ലബ് സെക്രട്ടറിമാർക്കും. (ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തിരം)

തിരുവനന്തപുരം നമ്പർ എച്ച്2-739/19 തീയതി 1/19
സർക്കുലറിന്റെ പകർപ്പ് എല്ലാ ഉപജില്ലാ/ജില്ലാ
വിദ്യാഭ്യാസ ആഫീസർമാർക്കും നൽകുന്നു. ഈ വിവരം എല്ലാ
ഉപജില്ലാ സയൻസ് ക്ലബ്ബ് സെക്രട്ടറിമാരെ അറിയിക്കുവാൻ
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരോട് ആവശ്യപ്പെടുന്നു